(ഡി) ജീവനക്കാർക്ക് ഇടക്കാലാശ്വാസം നൽകാൻ തീരുമാനം കൈക്കൊള്ളുമോ;

(ഇ) സർക്കാർ ജോലിക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി ഉയർത്താനുള്ള തീരുമാനം എന്നു മുതൽ നിലവിൽ വരും ?

ഉത്തരം

(എ-ഡി) സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് ശമ്പള കമ്മീഷനെ നിയമിക്കുന്ന കാര്യത്തിലും അതിനോടനുബന്ധിച്ചുള്ള വിഷയങ്ങളിലും സർക്കാർ തീരുമാനം ഉടനെ ഉണ്ടാകുന്നതാണ്.

(ഇ) ഇക്കാര്യം സംബന്ധിച്ചുള്ള നിർദ്ദേശമൊന്നും സർക്കാരിന്റെ പരിഗണനയ്ക്ക് വന്നിട്ടില്ല.

ഭരണ നവീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ

14 [1529] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
ഡോ. തോമസ് ഐസക്ക്:
ശ്രീ. രാജു എബ്രഹാം:
,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണ നവീകരണ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ;

(സി) ഭരണ നവീകരണ പദ്ധതിയും, അതിവേഗ സേവന പ്രദാന പദ്ധതിയും, ഏതെല്ലാം വകുപ്പുകളിൽ ഇതിനകം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) 2004-05 വർഷത്തിൽ വിവിധ സേവന വകുപ്പുകളുടെ കീഴിലുള്ള എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പാക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്; ഇതിൽ എത്ര സ്ഥാപനങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കി;

(ഇ) ഇതിനായി 2004-05-ലെ ബഡ്ജറ്റിൽ എന്ത് തുക നീക്കിവച്ചിരുന്നു; ഇതിൽ എന്ത് തുക ചെലവഴിച്ചു ?

ഉത്തരം

(എ) സർക്കാരിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്ക്കരിച്ചതാണ് ഭരണ നവീകരണ പരിപാടി. സർക്കാർ ജീവനക്കാരുടെയും ജനപ്രതിനിധികളുടെയും സേവനം സജീവവും കാര്യക്ഷമവും ഉത്തരവാദിത്വപൂർണ്ണവും വ്യാപകവുമായി പൗരന്മാർക്ക് ലഭ്യമാക്കുന്നതിനാണ് ഇത് ഊന്നൽ നൽകുന്നത്. പത്താം പഞ്ചവത്സര പദ്ധതി ലക്ഷ്യമിട്ടിരിക്കുന്ന മാനവശേഷി വികസനവും ദാരിദ്ര്യ നിർമ്മാർജ്ജനവും എന്ന ലക്ഷ്യത്തിലെത്തിച്ചേരാൻ ഈ നവീകരണം ഉപകരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതി നിർവ്വഹണം പുരോഗമിക്കുന്നതിനനുസരിച്ച് പ്രസ്തുത ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയും.

(സി) ആസൂത്രണം, പൊതുഭരണം, വ്യവസായം, ജലവിഭവം, സ്റ്റോർ പർച്ചേസ്, ഉദ്യോഗസ്ഥ ഭരണ പരിഷ്കാരം, റവന്യൂ, ആഭ്യന്തരം, പൊതു വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, രജിസ്ട്രേഷൻ തുടങ്ങിയ വകുപ്പുകളിൽ ഭരണ നവീകരണ പരിപാടിയുടെ നിർവ്വഹണം ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതിൽ റവന്യൂ, ആഭ്യന്തരം എന്നീ വകുപ്പുകളിലാണ് സേവന പ്രദാന പദ്ധതിയുടെ നിർവ്വഹണം തുടങ്ങിയിട്ടുള്ളത്.

(ഡി) സേവന പ്രദാന പദ്ധതിയുടെ ആദ്യഘട്ടം നടപ്പിലാക്കാനായി 2609 സ്ഥാപനങ്ങളുടെ പട്ടികയാണ് സർക്കാർ അംഗീകരിച്ചിട്ടുള്ളത്. ഇവയുടെ സ്ഥാപനതല പദ്ധതികളുടെ നിർവ്വഹണം പൂർത്തീകരിക്കാൻ കുറഞ്ഞത് രണ്ട് വർഷം വേണ്ടി വരും. ഇതിനുപുറമെ സംസ്ഥാനതലത്തിൽ നടപ്പിലാക്കുന്ന സേവന പ്രദാന പദ്ധതികളുമുണ്ട്.

(ഇ) 12.5 കോടി രൂപയാണ് സേവന പ്രദാന പദ്ധതിക്ക് മാത്രമായി 2004-05 ബഡ്ജറ്റിൽ നീക്കിവച്ചിരുന്നത്. ഇതിൽ 4.26 കോടി രൂപ ഇതിനകം ചെലവായിട്ടുണ്ട്.

തോക്ക് കൈവശം വയ്ക്കുവാൻ ലൈസൻസ്

15 [1530] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തോക്ക് കൈവശം വയ്ക്കുവാൻ എത്ര പേർക്ക് ലൈസൻസ് നൽകിയിട്ടുണ്ട് എന്ന് ജില്ല തിരിച്ചുള്ള വിവരം അറിയിക്കുമോ ;

(ബി) ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി ആന്റ് സി) ചില ജില്ലകളിൽ ലൈസൻസ് പുതുക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റവന്യൂ, പോലീസ്, വനം തുടങ്ങിയ വകുപ്പുകളുടെ അന്വേഷണ റിപ്പോർട്ടും വിസമ്മതമില്ലെന്ന സർട്ടിഫിക്കറ്റും ലഭിക്കുവാൻ കാലതാമസം വരുമ്പോഴാണ് ലൈസൻസ് നൽകാൻ കാലവിളംബം ഉണ്ടാകുന്നത്. കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly